(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഫണ്ട് ഉപയോഗിച്ച് ഈ പദ്ധതി മെച്ചപ്പെടുത്തുന്നതിന് പരമാവധി പ്രോത്സാഹനം നൽകിവരുന്നുണ്ട്.

(ഡി) പഠനത്തെയും പരിപാലനത്തിനേയും ബാധിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 1 മുതൽ 8 വരെ ക്ലാസ്സുകളിൽ എസ്.എസ്.എ.വഴി ബി.ആർ.സി. കേന്ദ്രീകരിച്ച് 1286 റിസോഴ്സ് അദ്ധ്യാപകരെ നിയമിക്കുകയും സേവനം നൽകി വരുകയും ചെയ്യുന്നുണ്ട്. 9, 10 ക്ലാസുകളിൽ സങ്കലിത വിദ്യാഭ്യാസത്തിന്റെ ഭാഗമായി 725 റിസോഴ്സ് അദ്ധ്യാപകരെ വിദ്യാലയങ്ങളിൽ നേരിട്ട് നിയമിച്ചിട്ടുണ്ട്.

നിലവിൽ ആഴ്ചയിൽ നാല് സാധ്യായ ദിവസങ്ങളിൽ റിസോഴ്സ് അദ്ധ്യാപകർ വിവിധ സ്കൂളുകൾ സന്ദർശിച്ച് ടി സ്കൂളിലെ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ആവശ്യമായ പിന്തുണ നൽകുന്നു. ശനിയാഴ്ചകളിൽ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പ്രത്യേക പഠന പിന്തുണയും നൽകി വരുന്നു.

(ഇ) മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് കൂടുതൽ അദ്ധ്യാപകരെ നിയമിക്കുന്നതാണ്. നിലവിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന റിസോഴ്സ് അദ്ധ്യാപകരുടെ ഓണറേറിയം വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ 2016-17-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഓണറേറിയം വർദ്ധിപ്പിക്കുന്നതാണ്.

(എഫ്) സ്വീകരിച്ചിട്ടുണ്ട്. പൊതു വിദ്യാലയങ്ങളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികളുടെ പഠനത്തിന് ഇനിയും കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

**സ്കൂളുകളിൽ അക്കാഡമിക് നിലവാരം ഉയർത്താൻ കർമ്മ പദ്ധതി**

11(*252) ശ്രീ. വി. ഡി. സതീശൻ :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. വർക്കല കഹാർ :

ശ്രീ. ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ അക്കാഡമിക് നിലവാരം ഉയർത്താൻ കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;



LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്താമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ് ):

(എ) ഉണ്ട്. പ്രീ പ്രൈമറി മുതൽ ഹയർ സെക്കൻഡറി വരെയുള്ള പാഠ്യപദ്ധതി കാലോചിതമായും സമഗ്രമായും പരിഷ്കരിച്ചു. പാഠ്യപദ്ധതി പരിഷ്കരണത്തിന് അനുസൃതമായി ശരിയായ ക്ലാസ് റൂം വിനിമയം ഉറപ്പാക്കുന്നതിന് അദ്ധ്യാപകർക്ക് സമഗ്രമായ പരിശീലനം നൽകിവരുന്നു. കൂടാതെ വിവര സാങ്കേതിക വിദ്യയിലൂടെ അറിവ് നേടുന്നതിനും സംശ്ലേഷിക്കുന്നതിനുമായി വിദ്യാലയങ്ങിൽ നേരിട്ട് അദ്ധ്യാപക പരിശീലന പരിപാടികളിലും ഉൾപ്പെടുത്തിയിട്ടുണ്ട്. മൂല്യനിർണയവും സമഗ്രമായി പരിഷ്കരിച്ചുവരുന്നു.

(ബി) പൊതു വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, പൊതു വിദ്യാലയങ്ങളിലേക്ക് കൂടുതൽ കുട്ടികളെ ആകൃഷ്ടരാക്കുക, മികച്ച പഠനനിലവാരം കൈവരിക്കുക, ശാസ്ത്ര സാങ്കേതിക വിവര വിനിമയ മേഖലകളിലെ മാറ്റങ്ങൾക്കനുസരിച്ച് പഠന രീതികളും, ബോധന സമ്പ്രദായവും ഉയർത്തുക എന്നിവയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

(സി) സംസ്ഥാനത്തെ തിരഞ്ഞെടുത്ത വിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരമുള്ള സ്കൂളുകളാക്കി ഉയർത്തുന്നതിനും മികച്ച ഭൗതിക സാഹചര്യമുള്ള സ്കൂളുകളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. കലാ-കായിക-പ്രവർത്തിപരിചയ പ്രാധാന്യം നൽകുന്ന തരത്തിൽ പാഠ്യപദ്ധതി പരിഷ്കരിച്ചിട്ടുണ്ട്.

**റോഡുകളിൽ ആധുനിക രീതിയിലുള്ള കഴിയടയ്ക്കൽ കർമ്മ പദ്ധതി**

12(*253) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകളിൽ ആധുനിക രീതിയിലുള്ള കഴിയടയ്ക്കൽ രീതിക്ക് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly